പത്രക്കുറിപ്പ്

# നഗരത്തിൽ ഒന്നരക്കിലോ കഞ്ചാവുമായി ഒരാൾ പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം : 223 പേർക്കെതിരെ നിയമ നടപടി 37,200/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നഗരത്തിൽ വ്യാപകമായി കഞ്ചാവ് വിൽപ്പന നടത്തിവന്നയാളെ സിറ്റി പോലീസ് പിടികൂടിയതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഇയാളിൽ നിന്നും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന ഒന്നരക്കിലോ കഞ്ചാവും പിടിച്ചെടുത്തു. വെങ്ങാനൂർ അയ്യൻകാളി സ്മൃതി മണ്ഡപത്തിനു സമീപം താമസം അലീഫ്ഖാൻ (34) നെയാണ് സിറ്റി നാർക്കോട്ടിക് സെൽ-ഡാൻസാഫ് (ഡിസ്ട്രിക്റ്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) ടീമിന്റെ സഹായത്തോടെ വിഴിഞ്ഞം പോലീസ് അറസ്റ്റു ചെയ്തത്. വിവിധ പോലീസ് സ്റ്റേഷനുകളിൽ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ ഇയാൾ ഗുണ്ടാ നിയമപ്രകാരവും കരുതൽ തടങ്കലിൽ കഴിഞ്ഞിട്ടുണ്ട്. നഗരത്തിലും തീരദേശ മേഖലകളിലും വ്യാപകമായി കഞ്ചാവു വിൽപ്പന നടത്തി വരികയായിരുന്ന ഇയാളെക്കുറിച്ച് നാർക്കോട്ടിക് സെൽ അസ്സി.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
അലീഫ്ഖാൻ (34)

കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. വിഴിഞ്ഞം എസ്.എച്ച്. ഒ. പ്രവീൺ, എസ്.ഐ സജി, നാർക്കോട്ടിക്-ഡാൻസാഫ് ടീം അംഗങ്ങളായ സജികുമാർ, വിനോദ്, ലജൻ, രഞ്ജിത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത് .

## കോവിഡ്-19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (07-10-2020) നടത്തിയ പരിശോധനയിൽ 223 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 149 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 37 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 5 വാഹനങ്ങൾക്കെതിരെയും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 7 കടകൾക്കെതിരെയും നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 37,200/- രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ രോഗവ്യപനം ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 25 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരവും കേസെടുത്തു.

കോവിഡ് രോഗവ്യാപനം ദിനംപ്രതി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ പോലീസ് കർശന പരിശോധന നടത്തുമെന്നും മനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കടകൾ പൂട്ടിയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു. തലസ്ഥാനത്തെ

കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
07-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

07/10/20

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി